# ST. THOMAS U. P. S. NEERANTHANAM

# ACADEMIC MASTER PLAN

## 2025-2026

# സെന്റ്. തോമസ് യു. പി. എസ് നീറന്താനം

ജില്ല : കോട്ടയം

താലൂക്ക് : മീനച്ചിൽ

ബ്ലോക്ക് : ഉഴവൂർ

പഞ്ചായത്ത് : രാമപുരം

വില്ലേജ് : രാമപുരം

ഉപജില്ലാ : രാമപുരം

ബി ആർ സി : രാമപുരം

ഹെഡ്മാസ്റ്റർ : ശ്രീ. സണ്ണിക്കുട്ടി സെബാസ്റ്റ്യൻ

സ്കൂൾ ആരംഭിച്ച വർഷം : 1916

ക്ലാസുകൾ : I – VII

# 2025 - 2026 അക്കാദമിക വർഷങ്ങളിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 1 | 2 | 1 | 0 | 3 | 1 | 2 | 2 | 3 | 3 | 0 | 2 | 4 | 1 |
| ആകെ | 3 | | 1 | | 4 | | 4 | | 6 | | 2 | | 5 | |

# അധ്യാപക - അനദ്ധ്യാപക തസ്തികകൾ

| നമ്പർ | തസ്തിക | അനുവദിച്ചത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 | 1 |
| 2 | യു. പി. എസ്. എ | 2 | 2 |
| 3 | എൽ. പി. എസ്. എ. | 4 | 4 |
| 4 | ഹിന്ദി | 1 | 1 |
| 5 | ഓഫീസ് സ്റ്റാഫ് | 1 | 1 |
| | ആകെ | 9 | 9 |

# ആമുഖം

സാമൂഹികവികസന പ്രക്രിയയുടെ അടിസ്ഥാന ഘടകമാണ് വിദ്യാഭാസം. ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത അവരെ മികവിലേക്ക് ഉയർത്താൻ സാധിച്ചാലെ വിദ്യാഭാസത്തിന്റെ ലക്ഷ്യം സാധ്യമാകൂ. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്.

കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അധ്യാപകരും മാതാപിതാക്കളും ഒത്തൊരുമയോടെ പ്രവർത്തിക്കുകയാണ്. ഈ അക്കാദമിക് വർഷം കുട്ടികൾക്ക് വേണ്ട എല്ലാ കൈത്താങ്ങുകളും നൽകി അവരെ പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും ഒരേ പോലെ മുന്നിൽ എത്തിക്കാനുള്ള മുന്നൊരുക്കത്തിൻറെയും അതോടൊപ്പം തന്നെ അവർക്ക് വേണ്ട സാമൂഹിക ഭൗതീക നേട്ടകളെയും മുൻനിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് പലവിധ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക .
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ് ,ഹിന്ദി ,സംസ്കൃതം ,എന്നീ വിഷയങ്ങളിൽ അനായാസം ആശയ വിനിമയം നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ,ശേഷികൾ ,മനോഭാവങ്ങൾ ,മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുക.
- പച്ചക്കറിത്തോട്ട നിർമാണം .
- ജൈവവൈവിധ്യ ഉദ്യാനനിർമാണം .
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക .

# പദ്ധതി വിശദാംശങ്ങൾ

# മലയാളം

## ലക്ഷ്യങ്ങൾ

- മലയാളം ഭാഷ ശേഷിയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക .
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാളഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .
- മലയാളഭാഷാ പഠനത്തിലെ അടിസ്ഥാന ആവശ്യങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക .
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാളഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക .
- മാതൃഭാഷയെന്ന നിലയിൽ സംസ്കാരത്തിന്റെ വിനിമയോപാധി എന്ന നിലയിൽ മലയാള സാഹിത്യ പഠനത്തിൽ താല്പര്യം വളർത്തുക .
- മികച്ച വായന ശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക .
- മലയാള ഭാഷ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക .
- മലയാള ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- മലയാള ഭാഷ പഠന ശേഷി വികസിപ്പിക്കുക .
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക .
- ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുക .
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക .
- മലയാള അദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു .<br>◆ ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു .<br>◆ ചിത്ര സഹായത്താൽ അടയാളങ്ങൾ ,ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു .<br>◆ അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കുന്നു .വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു .<br>◆ ചിത്രം നൽകുന്നു .അടിക്കുറിപ്പ് പറയിപ്പിക്കുന്നു .അദ്ധ്യാപികയുടെ സഹായത്തോടെ എഴുതുന്നു<br>◆ ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു .ബാക്കി പറയിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു .<br>◆ കഥ പുസ്തകം നൽകുന്നു . പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു .<br>◆ ഐ ടി യുടെ സഹായത്തോടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു . പറയാനും എഴുതാനും അവസരങ്ങൾ നൽകുന്നു . | ജൂൺ - ജൂലൈ | മലയാളം അദ്ധ്യാപിക |
| 2 | ◆ ക്ലാസ്സടിസ്ഥാനത്തിൽ വായനക്കൂട്ടം രൂപീകരിക്കുന്നു .ചർച്ച നടത്തുന്നു. വായന കുറിപ്പ് അസംബ്ളി,ക്ലാസ് എന്നിവിടങ്ങളിൽ അവതരിപ്പിക്കുന്നു .<br>◆ ക്ലാസ് ലൈബ്രറി രൂപീകരണം. e- | | |

| | | | |
|---|---|---|---|
| 3 | വായന പ്രോത്സാഹിപ്പിക്കുന്നു. വിക്കി പീഡിയ പരിചയപ്പെടുത്തുന്നു.<br>◆ പത്ര വായന -വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുന്നു .അവ വായിക്കാനും ,ക്ലാസ്സിൽ പത്രം തയ്യാറാക്കാനും പ്രോത്സാഹിപ്പിക്കുന്നു .<br>◆ പുസ്തകചർച്ച -വായനാനുഭവം പങ്കു വയ്ക്കുന്നു .വായനാകുറിപ്പ് -ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു .<br>◆ വായന ,എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു .സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം നൽകുന്നു .വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>◆ ദിനാചരണങ്ങൾ -വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു . | | |
| | | | |

| | | | |
|---|---|---|---|
| 3 | വായന പ്രോത്സാഹിപ്പിക്കുന്നു. വിക്കി പീഡിയ പരിചയപ്പെടുത്തുന്നു.<br>◆ പത്ര വായന -വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുന്നു .അവ വായിക്കാനും ,ക്ലാസ്സിൽ പത്രം തയ്യാറാക്കാനും പ്രോത്സാഹിപ്പിക്കുന്നു .<br>◆ പുസ്തകചർച്ച -വായനാനുഭവം പങ്കു വയ്ക്കുന്നു .വായനാകുറിപ്പ് -ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു .<br>◆ വായന ,എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു .സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്താൻ അവസരം നൽകുന്നു .വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>◆ ദിനാചരണങ്ങൾ -വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു . | | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ ശേഷിയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക .
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക .
- മികച്ച വായന ശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ പഠന ശേഷി വികസിപ്പിക്കുക .
- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- Spoken English ക്ലാസ്സുകൾ വഴി ആശയ വിനിമയ ശേഷി വർധിപ്പിക്കുക.
- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ഇംഗ്ലീഷ് അദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ - ജൂലൈ | |
| 2 | ◆ ചിത്രം നൽകുന്നു .അടിക്കുറിപ്പ് തയ്യാറാക്കിക്കുന്നു . | 1 വർഷം | ഇംഗ്ലീഷ് അദ്ധ്യാപിക |
| 3 | ◆ പാഠഭാഗം നാടക രൂപത്തിൽ അവതരിപ്പിക്കുന്നു . | | ക്ലാസ് അദ്ധ്യാപിക |
| 4 | ◆ ക്ലാസ് ലൈബ്രറി രൂപീകരണം . | | |
| 5 | ◆ പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | | ഇംഗ്ലീഷ് അദ്ധ്യാപിക |
| 6 | ◆ Short story തയ്യാറാക്കിക്കുന്നു . | | |
| 7 | ◆ Story telling . | | |
| 8 | ◆ ദിനാചരണങ്ങൾ -വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു . | | |
| 9 | ◆ English assembly . | | |
| 10 | ◆ Spoken English Class | | |

# ഹിന്ദി

ലക്ഷ്യങ്ങൾ

- ഹിന്ദിഭാഷാ ശേഷിയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക .

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദി ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .

- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക .

- മികച്ച വായന ശീലം ഹിന്ദി ഭാഷയിൽ വികസിപ്പിക്കുക.

- ഹിന്ദി ഭാഷ പഠന ശേഷി വികസിപ്പിക്കുക .

- ഹിന്ദി ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.

- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.

- ഹിന്ദി അദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ - ജൂലൈ | |
| 2 | ◆ ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു . | | |
| 3 | ◆ ചിത്ര സഹായത്താൽ അടയാളങ്ങൾ ,ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു . | | ഹിന്ദി അദ്ധ്യാപിക |
| 4 | ◆ അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കുന്നു .വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു . | | |
| 5 | ◆ ചിത്രം കാണിച്ച് അടിക്കുറിപ്പ് പറയിപ്പിക്കുന്നു . | | |
| 6 | ◆ ഹിന്ദി ഭാഷയിലുള്ള ചെറിയ കഥകളും കവിതകളും പരിചയപ്പെടുത്തുന്നു . | 1 വർഷം | |
| 7 | ◆ ഹിന്ദി അസംബ്ലി -ഹിന്ദി വാർത്ത ,പുതിയ വാക്ക് ,ചിന്താ വിഷയം ,പ്രസംഗം ,മാറ്റ് പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി അസംബ്ലി നടത്തുന്നു .എല്ലാ കുട്ടികളെയും ഇതിൽ ഭാഗഭാക്കാക്കുന്നു . | | |
| 8 | ◆ ഹിന്ദി അന്തരീക്ഷ രൂപീകരണം - ഹിന്ദിയിൽ പരസ്പരം സംസാരിക്കാനുള്ള അവസരവും പ്രോത്സാഹനവും നൽകുന്നു . | | |
| | | | |

# അടിസ്ഥാന ശാസ്ത്രം

## ലക്ഷ്യങ്ങൾ

- ➔ ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക .
- ➔ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .
- ➔ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായിക്കുക .
- ➔ ശാസ്ത്രചിന്ത ,ശാസ്ത്രബോധം ,ശാസ്ത്രനൈപുണി ,അന്വേഷണപാടവം എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക .
- ➔ ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക .
- ➔ ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക .
- ➔ പാരിസ്ഥിതിക അവബോധം വളർത്തുക .
- ➔ CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ➔ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- ➔ അടിസ്ഥാനശാസ്ത്ര അദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ - ജൂലൈ | |
| 2 | ◆ സയൻസ് ക്ലബ് രൂപീകരണം - കുട്ടികളെ പരിസ്ഥിതിയോട് അടുപ്പിക്കാനും കുട്ടികളിൽ നിരീക്ഷണ പാടവം ,ശാസ്ത്രീയ അഭിരുചി എന്നിവ വളർത്താനും ഉപകരിക്കുന്നു . | ജൂലൈ | സയൻസ് അദ്ധ്യാപകൻ |
| 3 | ◆ സയൻസ് ലാബ് പ്രവർത്തനങ്ങൾ | 1 വർഷം | |
| 4 | ◆ സയൻസ് ഫെസ്റ്റ് | ജനുവരി | അദ്ധ്യാപകർ |
| 5 | ◆ ജൈവവൈവിധ്യ ഉദ്യാനം സംരക്ഷിക്കൽ | 1 വർഷം | |

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

- ➔ സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായിക്കുക .
- ➔ സാമൂഹ്യ ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക .
- ➔ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .
- ➔ സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായിക്കുക .
- ➔ സാമൂഹ്യ ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക .
- ➔ സാമൂഹ്യ പാരിസ്ഥിതിക അവബോധം വളർത്തുക .
- ➔ സാമൂഹ്യ ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവും മനോഭാവവും നേടുക .
- ➔ സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് .
- ➔ സാമൂഹ്യ ശാസ്ത്ര പഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക .
- ➔ CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ➔ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- ➔ സാമൂഹ്യശാസ്ത്രഅദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ - ജൂലൈ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ |
| 2 | ◆ സാമൂഹ്യശാസ്ത്ര ഫെസ്റ്റ് | ജനുവരി | |
| 3 | ◆ ദിനാചരണങ്ങൾ നടത്തുക | 1 വർഷം | |
| 4 | ◆ സാമൂഹ്യശാസ്ത്ര ക്ലബ് രൂപീകരണവും വിവിധ പ്രവർത്തനങ്ങളും<br>1. ക്വിസ്<br>2. പ്രസംഗം<br>3. പ്രദർശനങ്ങൾ | | |

## ഗണിതം

### ലക്ഷ്യങ്ങൾ

- ➔ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ സഹായിക്കുക .
- ➔ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിതപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക .
- ➔ ഗണിതപഠന ശേഷി വികസിപ്പിക്കുക .
- ➔ ഗണിത പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് .
- ➔ CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ➔ ഗണിതഅദ്ധ്യാപക ശാക്തീകരണം .

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
| --- | --- | --- | --- |
| 1 | ◆ പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. .അവർക്കു വേണ്ട പരിശീലനം നൽകുന്നു. | ജൂൺ - ജൂലൈ | ഗണിത അദ്ധ്യാപകൻ |
| 2 | ◆ ചതുഷ് ക്രിയകൾ ഉറപ്പിക്കൽ ,വിവിധ ഗണിത കേളികൾ ,സംഖ്യാകാർഡുകൾ ഇവയിലൂടെ പഠിപ്പിക്കുന്നു. | 1 വർഷം | |
| 3 | ◆ ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്ര വായന ,കുറിപ്പ് തയ്യാറാക്കൽ | | |
| 4 | ◆ ഗണിത ക്വിസ് നടത്തി പ്രഗത്ഭരെ കണ്ടെത്തുന്നു . | | |
| 5 | ◆ ഗണിത രൂപങ്ങളുടെ നിർമാണം . | | |
| 6 | ◆ അളവുകൾ ,തൂക്കങ്ങൾ ഇവയുടെ കൃത്യത ,സൂക്ഷ്മത ,ഇവ ബോധ്യപ്പെടുത്തൽ . | | |
| 7 | ◆ ഗണിത ഫെസ്റ്റ് | ജനുവരി | |

# ഉപസംഹാരം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കിയിരുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് മാസ്റ്റർ പ്ലാൻ. ഓരോ കുട്ടിയുടെയും അറിവും കഴിവും അതതു പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്തു പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ ഈ ലക്‌ഷ്യം കൈവരിക്കാനാകും.

നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്ത് സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

ST. THOMAS U.P.SCHOOL
Kizhathiri P.O.
PIN: 686 576
NEERANTHANAM.

H.M.
STUPS Neeranthanam